മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പലതവണയും അയച്ചിട്ടുണ്ട്.

മിസ്റ്റർ പി. കെ. ഡീവർ: ഇതിനെപ്പറ്റി വല്ല നടപടിയും എടുക്കാൻ ഗവണ്മെണ്ട ആലോചിക്കുന്നുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഗവണ്മെണ്ട വേണ്ടത്തക്ക നടപടികൾ എടുക്കും.

മിസ്റ്റർ പി. കെ. ഡീവർ: അതു് ആ ഉദ്യോഗസ്ഥനു് അയച്ചതിനുശേഷം ഇതുവരെ ആലോചനക്കു് എടുക്കുവാൻ സൌകര്യമുണ്ടാകാതിരിക്കത്തക്കവിധം അതു ഒരു പ്രത്യേക ടീക്കിൽ തന്നെ ഇരിക്കുകയായിരുന്നുവോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അങ്ങിനെ ഒരു ടീക്കിൽതന്നെ ഇരിക്കുകയായിരുന്നില്ല. പല ടീക്കുകളിലായിട്ടു് നടന്നുകൊണ്ടിരുന്നു.

മിസ്റ്റർ പി. കെ. ഡീവർ: അതു് പോലീസ്സ് മന്ത്രിയുടെ അടുക്കൽ ഫ ൦ മാസം ഇരുന്നിരുന്നുഎന്നു പറയുന്നതിൽ വാസ്തവമുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പോലിസ്സ്മന്ത്രിയുടെ കയ്യിൽ അത്രയും കാലം ഇരുന്നിട്ടില്ല. മൂന്നു നാലു മാസം ഇരുന്നിട്ടുണ്ടായിരിക്കും.

മിസ്റ്റർ സി. വി. ഈയ്യു: ഈ വിഷയത്തിൽ ഒരു Short-notice-question ചോദിക്കുന്നപക്ഷം, ആ റിപ്പോർട്ടു് ഉടനെ വരുത്തി ഈ സെഷനിൽതന്നെ മറുപടി പറയാൻ സാധിക്കുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു് പറയാൻ തരമില്ല. കഴിയുന്നതും വേഗത്തിൽ റിപ്പോർട്ട് വരുത്താൻ ശ്രമിക്കാം.

മിസ്റ്റർ സി. വി. ഈയ്യു: റിപ്പോർട്ടു് ഉടനെ കിട്ടണമെന്നു് ആവശ്യപ്പെട്ടാൽ പോലീസ്സ് കമ്മിഷണർ അയക്കുകയില്ലെ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അയക്കും.

മിസ്റ്റർ പി. കെ. ഡീവർ: ഇതിനെ സംബന്ധിച്ചു പോലീസ്സ് കമ്മിഷണർ വല്ല അന്വേഷണങ്ങളും നടത്തുകയുണ്ടായിട്ടുണ്ടോ? അതൊ, ആ കടലാസ്സു് വെറുതെ വെച്ചുകൊണ്ടിരിക്കുകയാണോ ചെയ്തിട്ടുള്ളതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: വെറുതെ വെച്ചുകൊണ്ടിരുന്നതായിട്ടല്ല റിക്കാർട്ടുകൾ കൊണ്ടു കാണുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: ചില ഉദ്യോഗസ്ഥന്മാരുടെ പേരിൽ ചാർജ്ജു് ഉണ്ടെന്നു് അന്വേഷണ ഉദ്യോഗസ്ഥനു് ബോദ്ധ്യപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ നിരപരാധിത്വം തെളിയിക്കാൻ, സാക്ഷികളെ cross examine ചെയ്യാനും മറ്റും ഉള്ള സൌകര്യങ്ങളും കൊടുത്തു്, അതെല്ലാം കഴിഞ്ഞശേഷമല്ലെ റിപ്പോർട്ടു തയ്യാറാക്കി അയ്ക്കുകയുള്ളൂ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതിനു വേണ്ട നിർദ്ദേശങ്ങളെല്ലാം നൽകിയിട്ടുണ്ടു്.

മിസ്റ്റർ കെ. ഡബ്ലിയു. മരളീധരമാരാർ: ഇങ്ങിനെ വേറെയും പല Lock-up മർദ്ദനങ്ങളും ഉണ്ടായതായി ഗവണ്മെണ്ടിനു് അറിവു് ലഭിച്ചിട്ടുണ്ടൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നോട്ടീസ്സു വേണം.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: അവസാനമായി ഇതിനെ സംബന്ധിച്ചു റിപ്പോർട്ടു ചെയ്യുവാൻ എന്നാണു് പോലീസ് കമ്മീഷണരോടു് ആവശ്യപ്പെട്ടതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പോലീസ് കമ്മീഷണർക്കു കടലാസ്സു് അയച്ചതു് ഫൻർവ്വ സെപ്തമ്പർ ഫ൪-൦൯- ആണു്.

PROHIBITION—EXTENSION OF—PARTICULARS REGARDING

10. (10) മിസ്റ്റർ സി. വി. ഈയ്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവായി മറുപടി പറയുമൊ.—

(എ) മദ്യനിരോധനം ഉടനെതന്നെയോ അടുത്ത വൃശ്ചികം ഫ൦൯- മുതൽക്കൊ കുറഞ്ഞപക്ഷം മദിരാശി സംസ്ഥാനത്തോടു തൊട്ടുകിടക്കുന്ന തലപ്പിള്ളി, തൃശ്ശിവപേരൂർ, മുകുന്ദപുരം, കൊടുങ്ങല്ലൂർ എന്നീ താലൂക്കുകളിലെങ്കിലും നടപ്പിൽ വരുത്തുവാൻ ഉദ്ദേശമുണ്ടോ,

(ബി) ഉണ്ടെങ്കിൽ അതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടോ;

(സി) മദ്യനിരോധനം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നെങ്കിൽ കള്ളു്, ബീർ, വൈൻ എന്നീ മദ്യങ്ങളെ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കുവാൻ ഗവണ്മെണ്ടു വിചാരിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഇല്ല, പക്ഷെ ഈ കാര്യത്തെപ്പറ്റി ആലോചിക്കുന്നുണ്ട്.

(ബി) & (സി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ സി. വി. ഇയ്യു : വിദേശമദ്യനിരോധനം എന്നുവെച്ചാൽ ബ്രാണ്ടി, വിസ്കി, അതായതു വൈൻ, ബീർ എന്നിതുകൾ ഒഴികെയുള്ള വിദേശമദ്യങ്ങളുടെ വില്പന തലപ്പള്ളി, തൃശ്ശിവപേരൂർ മുതലായ സ്ഥലങ്ങളിൽ നിയ്ക്കുന്നതിനു് ഇപ്പോൾ ഗവണ്മെണ്ടിനു വല്ല വിഷമവുമുണ്ടോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഈ കൊല്ലത്തിന്റെ മദ്ധ്യത്തിൽവെച്ചു് ഈവക കാര്യങ്ങൾ ആലോചനക്കു് എടുക്കുന്നതായാൽ പലേ ബുദ്ധിമുട്ടുകളുമുണ്ടു്.

മിസ്റ്റർ സി. വി. ഇയ്യു : അതിന്റെ ലൈസൻസു ഫീസു് നഷ്ടപ്പെടുകയല്ലേ ഉള്ളു ? ഇക്കാര്യത്തിൽ ചെറുതുരുത്തി മുതലായ മദ്രാസു് പ്രോവിൻസിനോടു തൊട്ടുകിടക്കുന്ന പ്രദേശങ്ങളിലെങ്കിലും മദ്യനിരോധനം നടപ്പാക്കി, മദ്രാസു് ഗവണ്മെണ്ടുമായി സഹകരിച്ചു പ്രവർത്തിച്ചു് ആ പ്രദേശങ്ങളിലെ ആളുകൾക്കു് ഒരു കിടക്കപ്പൊറുതിയുണ്ടാക്കാമോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : കൊല്ലത്തിന്റെ മദ്ധ്യത്തിൽവെച്ചു് ഇക്കാര്യത്തിൽ ഇടപെടുകയാണെങ്കിൽ പ്രായോഗികമായ വിഷമങ്ങൾ ഉണ്ടായേക്കാമെന്നാണു് വിചാരിക്കുന്നതു്.

Mr. K. Ayyappan *(Minister for Works and Reveenue):* Question numbers 11 and 12 may be put together.

Mr. President: Yes.

SIVASWAMI COMMITTEE REPORT—PUBLICATION OF

11. (104) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സഭയെ മറുപടി പറയുമോ.—

(എ) ശിവസ്വാമി കമ്മിറ്റി റിപ്പോർട്ടു് എപ്പോൾ പ്രസിദ്ധംചെയ്യും ;

(ബി) ആ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിൽ വരുത്തുവാൻ ഗവണ്മെണ്ടു നടപടികൾ നടത്തുന്നുണ്ടോ ?

മിസ്റ്റർ കെ. അയ്യപ്പൻ :

(എ) & (ബി) ചോ—ന—ന൪൮-ൽ പുറപ്പെടുവിച്ചിട്ടുള്ള പ്രസ്സു് നോട്ടു നോക്കുക *(See Appendix).*

12. (16) **Mr. C. V. Iyyu** *(Kunnamkulam):* Will Government be pleased to state.—

(*a*) whether they have received report of Sivaswami Committee on agrarian reform appointed by the Government ;

(*b*) if so, whether they will be pleased to publish this report in the form of a pamphlet as well as in the Gazette ;

(*c*) whether any orders have been passed on that report ?

Mr. K. Ayyappan *(Minister for Works and Revenue):*

(*a*), (*b*) & (*c*) The attention of the member is invited to the Press Note released on 29th October 1948.

Mr. C. V. Iyyu *(Kunnamkulam):* Will the Hon'ble Minister be pleased to say whether the Government will be able to publish the report during this session of the Assembly ?

Mr. K. Ayyappan *(Minister for Works and Revenue):* It may not be possible.

മിസ്റ്റർ സി. വി. ഇയ്യു : ശിവസ്വാമി കമ്മിറ്റിറിപ്പോർട്ടു് വരുന്നതിനു മുമ്പായിത്തന്നെ കൃഷിക്കാർക്കു താല്ക്കാലികമായി ഒരു റിലീഫു് ഉണ്ടാക്കാൻ ഗവണ്മെണ്ടു വിചാരിക്കുന്നുണ്ടോ ?

മിസ്റ്റർ കെ. അയ്യപ്പൻ : താല്ക്കാലികമായി ഒരു റിലീഫു് കൊടുക്കേണ്ടുന്ന കാര്യങ്ങളെക്കുറിച്ചു ഗവണ്മെണ്ടു് ആലോചിച്ചുകൊണ്ടിരിക്കുന്നുണ്ടു്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ : ഏതെല്ലാം കാര്യങ്ങളാണു് ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നതു് ?

മിസ്റ്റർ കെ. അയ്യപ്പൻ : തേങ്ങാപാട്ടം സംബന്ധിച്ച കാര്യമാണു്. അതിനെക്കുറിച്ചു് ഒരു തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly